**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6169** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളുടെ ജപ്തി നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സഹകരണ ബാങ്കുകൾ എത്ര ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര എണ്ണത്തിൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | വായ്പാ തുക ഈടാക്കുന്നതിനായി സഹകരണ സംഘം/ബാങ്കുകളിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ജപ്തി നടപടികളുടെ ഭാഗമായി 503515 എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും ആയതിൽ 281474 എണ്ണം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 45152 കേസുകളിൽ ജപ്തി നടപടി ആരംഭിക്കുകയും 1419 എണ്ണത്തിൽ ജപ്തി നടപടി പൂർത്തീകരിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത കാലയളവിൽ സഹകരണ ബാങ്കുകളിൽ നിന്നും ജപ്തി നോട്ടീസുകൾ ലഭിച്ചതിനെ തുടർന്ന് വായ്പക്കാരോ കുടുംബാംഗങ്ങളോ ആത്മഹത്യ ചെയ്തതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | പ്രസ്തുത കാലയളവിൽ സഹകരണ ബാങ്കുകളിൽ നിന്നും ജപ്തി നോട്ടീസുകൾ ലഭിച്ചതിനെ തുടർന്ന് വായ്പക്കാരോ കുടുംബാംഗങ്ങളോ ആത്മഹത്യ ചെയ്തതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സഹകരണ ബാങ്കുകൾ നിലവിൽ ഏത് നിയമപ്രകാരമാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ കീഴിൽ വരുന്ന പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, അർബ്ബൻ സഹകരണ ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘം/ബാങ്കുകളിൽ 1969 - ലെ കേരള സഹകരണ നിയമം പ്രകാരമാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നത്. റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരുന്ന കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), അർബ്ബൻ സഹകരണ ബാങ്ക് എന്നിവയിൽ 1969- ലെ കേരള സഹകരണ നിയമത്തിനുപുറമേ സർഫാസി നിയമ പ്രകാരവും ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കും. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ 1984- ലെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക് നിയമ പ്രകാരവുമാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കേരള ബാങ്കിന് സർഫാസി നിയമപ്രകാരം അല്ലാതെ ജപ്തി നോട്ടീസുകൾ നല്കാൻ സാധ്യമാണോ; വിശദമാക്കുമോ? | (ഡി) | സാധ്യമാണ്.<br><br>കേരള സംസ്ഥാന സഹകരണ ബാങ്കിന് സർഫാസി നിയമപ്രകാരം അല്ലാതെ 1969 - ലെ കേരള സഹകരണ നിയമ പ്രകാരവും, റവന്യൂ റിക്കവറി പ്രകാരവും ജപ്തി നോട്ടീസുകൾ നൽകാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ